REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

തിയ്യതി: 14-07-2025 സമയം 12.30 PM

---

## പ്രധാന വാർത്തകൾ

- **രാഷ്ട്രപതി ദ്രൗപതി മുർമുവിന്റെ രണ്ട് ദിവസത്തെ ഒഡിഷ സന്ദർശനം വൈകിട്ട് ആരംഭിക്കും.**
- **ഇന്ത്യയും ചൈനയും തുറന്ന കാഴ്ചപ്പാടുകൾ സ്വീകരിക്കണമെന്ന് വിദേശകാര്യമന്ത്രി ഡോ. S ജയശങ്കർ.**
- **ഇന്ത്യൻ ബഹിരാകാശ രംഗത്ത് പുതുചരിത്രമെഴുതിയ യാത്രികൻ ശുംഭാംശു ശുക്ലയുടെയും ആക്സിയൻ 4 ദൗത്യസംഘത്തിലെ സഹപ്രവർത്തകരുടെയും മടക്കയാത്ര വൈകിട്ട് ആരംഭിക്കും.**
- **പാലക്കാട് ജില്ലയിൽ വീണ്ടും നിപ മരണത്തെ തുടർന്ന് ആരോഗ്യവകുപ്പ് പ്രതിരോധ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കി.**
- **സംസ്ഥാനത്ത് ഇന്ന് ചിലയിടങ്ങളിൽ ശക്തമായ മഴക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്.**
- **ലോർഡ്സിൽ ആൻഡേഴ്സൺ-ടെൻഡുൽക്കർ ട്രോഫിയിലെ മൂന്നാം ക്രിക്കറ്റ് ടെസ്റ്റിൽ ഇന്ത്യയുടെ ബാറ്റിംഗ് വൈകീട്ട് മൂന്നരയ്ക്ക് പുനരാരംഭിക്കും.**

## വാർത്തകൾ വിശദമായി

രാഷ്ട്രപതി ദ്രൗപതി മുർമുവിന്റെ രണ്ട് ദിവസത്തെ ഒഡിഷ സന്ദർശനം വൈകിട്ട് ആരംഭിക്കും. ഭുവനേശ്വറിലെ ഓൾ ഇന്ത്യ മെഡിക്കൽ സയൻസിൽ അഞ്ചാമത് ബിരുദദാന ചടങ്ങിൽ രാഷ്ട്രപതി പങ്കെടുക്കും.

നാളെ റാവൻഷാ സർവകലാശാലയുടെ 13-ാമത് വാർഷിക ബിരുദദാന സമ്മേളനത്തിൽ പങ്കെടുത്തതിന് ശേഷം ദ്രൗപതി മുർമു, റാവൻഷാ ഗേൾസ് ഹൈസ്കൂളിന്റെ മൂന്ന് കെട്ടിടങ്ങളുടെ പുനർ വികസനത്തിന് തറക്കല്ലിടും. കൂടാതെ, ദികാബി സർളാദാസിന്റെ ജന്മവാർഷിക ആഘോഷത്തിൽ പങ്കെടുക്കുന്ന അവർ, 2024-ലെ കലിംഗരത്ന അവാർഡ് സമ്മാനിക്കുകയും ചെയ്യും.

✪✪✪

നൈജീരിയൻ മുൻ പ്രസിഡന്റ് മുഹമ്മദ് ബുഹാരിയുടെ നിര്യാണത്തിൽ പ്രധാനമന്ത്രി നരേന്ദ്രമോദി ദുഃഖം രേഖപ്പെടുത്തി. ഇന്ത്യ-നൈജീരിയ ബന്ധത്തിന്റെ  ജ്ഞാനവും ഊഷ്മളതയും അചഞ്ചലമായ പ്രതിബദ്ധതയും ഉറപ്പിക്കുന്നതിൽ ബുഹാരി വഹിച്ച പങ്ക് വേറിട്ടുനിൽക്കുന്നുവെന്ന് പ്രധാനമന്ത്രി പറഞ്ഞു. വിവിധ അവസരങ്ങളിലായി നടത്തിയ കൂടിക്കാഴ്ചകളും സംഭാഷണങ്ങളും പ്രധാനമന്ത്രി സ്നേഹപൂർവ്വം സ്മരിച്ചു.

✪✪✪

ഇന്ത്യയും ചൈനയും തുറന്ന കാഴ്ചപ്പാടുകൾ സ്വീകരിക്കണമെന്ന് വിദേശകാര്യമന്ത്രി ഡോ. S ജയശങ്കർ പറഞ്ഞു. ബീജിംഗിൽ ചൈനീസ് വൈസ് പ്രസിഡണ്ട് ഹാൻഷെങ്ങുമായി നടത്തിയ കൂടിക്കാഴ്ചയ്ക്കു ശേഷം സംസാരിക്കുകയായിരുന്നു അദ്ദേഹം.

ഡെസ്ക്ക് റിപ്പോർട്ട്

......(വോയ്സ്)....

ഇരുരാജ്യങ്ങളും തമ്മിലെ ബന്ധം സാധാരണ നിലയിലാക്കുന്നതിന് പരസ്പരം പ്രയോജനകരമായ ഇടപെടലുകളിൽ ഫലമുണ്ടാകുമെന്ന് ജയശങ്കർ വ്യക്തമാക്കി. കഴിഞ്ഞ ഒക്ടോബറിൽ കസാനിൽ പ്രധാനമന്ത്രി നരേന്ദ്രമോദിയും ചൈനീസ് പ്രസിഡണ്ട് ഷീ ജിൻ പിങ്ങും തമ്മിലെ കൂടിക്കാഴ്ചയ്ക്കു ശേഷം ഇന്ത്യ- ചൈന ഉഭയകക്ഷി ബന്ധം ക്രമാനുഗതമായി മെച്ചപ്പെട്ടുവരികയാണെന്ന് വിദേശകാര്യമന്ത്രി അറിയിച്ചു. ഇപ്പോഴത്തെ സന്ദർശനം ഗുണകരമാകുമെന്നും ജയശങ്കർ ആത്മവിശ്വാസം പ്രകടിപ്പിച്ചു.

കൈലാസ മാനസ സരോവർ യാത്ര പുനഃരാരംഭിച്ചത് വ്യാപകമായ പ്രശംസയ്ക്ക് കാരണമായതായും ഷാങ്ഹായ് സഹകരണ സംഘടനയിൽ ചൈനയുടെ വിജയകരമായ അധ്യക്ഷതയെ ഇന്ത്യ പിന്തുണയ്ക്കുന്നതായും ജയശങ്കർ പറഞ്ഞു.

ഷാങ്ഹായ് കോപ്പറേഷൻ ഓർഗനൈസേഷൻ സെക്രട്ടറി ജനറൽ നുർലൻ യെർമിക്ഭേവുമായി ജയ്ശങ്കർ കൂടിക്കാഴ്ച നടത്തി. SCO-യുടെ

പ്രാധാന്യത്തെക്കുറിച്ചും അതിന്റെ പ്രവർത്തനങ്ങളുടെ ആധുനികവൽക്കരണ ശ്രമത്തെക്കുറിച്ചും ഇരുവരും ചർച്ച ചെയ്തു. നാളെ ടിയാൻജി നഗരത്തിൽ ഷാങ്ഹായ് വിദേശകാര്യമന്ത്രിമാരുടെ യോഗത്തിൽ ഡോ. ജയശങ്കർ പങ്കെടുക്കും.

✪✪✪

നാഷണൽ ഹെറാൾഡ് കള്ളപ്പണം വെളുപ്പിക്കൽ കേസിൽ മുതിർന്ന കോൺഗ്രസ് നേതാക്കളായ സോണിയാഗാന്ധി, രാഹുൽ ഗാന്ധി എന്നിവർക്കെതിരെ ED സമർപ്പിച്ച പ്രോസിക്യൂഷൻ പരാതിയിൽ ഡൽഹി റോസ് അവന്യൂ കോടതി ഇന്ന് വിധി പറയും. കോൺഗ്രസ് നേതാക്കൾക്കെതിരെ കള്ളപ്പണം വെളുപ്പിക്കൽ ആരോപണമുന്നയിച്ച കേസിലെ അനുബന്ധ കുറ്റപ്പത്രം പരിഗണിക്കുന്നതുമായി ബന്ധപ്പെട്ടതാണ് കേസ്.

✪✪✪

ഇന്ത്യൻ ബഹിരാകാശ രംഗത്ത് പുതുചരിത്രമെഴുതിയ യാത്രികൻ ശുംഭാംശു ശുക്ലയുടെയും ആക്സിയൻ 4 ദൗത്യസംഘത്തിലെ സഹപ്രവർത്തകരുടെയും മടക്കയാത്ര വൈകിട്ട് ആരംഭിക്കും. അൺഡോക്കിംഗ് ഇന്ത്യൻ സമയം വൈകിട്ട് നാലരക്കാണ്.

ന്യൂസ് ഡെസ്കിൽ നിന്ന് കൂടുതൽ വിവരങ്ങൾ...

.... വോയ്സ്....

ക്രൂ അംഗങ്ങളെ വഹിച്ച് ഡ്രാഗൺ പേടകം നാളെ ഉച്ച കഴിഞ്ഞ് മൂന്നോടെ കാലിഫോർണിയ തീരത്തിനടുത്ത് പെസഫിക് സമുദ്രത്തിൽ ഇറങ്ങുമെന്ന് കേന്ദ്ര ശാസ്ത്ര സാങ്കേതിക മന്ത്രി ഡോ. ജിതേന്ദ്രസിംഗ് പറഞ്ഞു. തുടർന്ന് യാത്രികരെ സ്പേസ് എക്സ് കപ്പലിലേറ്റി തീരത്തേക്ക് കൊണ്ടുപോകും. 14 ദിവസത്തെ ഗവേഷണത്തിന് ശേഷമാണ് ക്യാപ്റ്റൻ ശുഭാംശു ശുക്ല അന്താരാഷ്ട്ര ബഹിരാകാശ നിലയത്തിൽ നിന്ന് മടങ്ങിയെത്തുന്നത്. 1984-ൽ ബഹിരാകാശത്തേക്ക് പോയ വിംഗ് കമാൻഡർ രാകേഷ് ശർമ്മയ്ക്ക് ശേഷം നിലയം സന്ദർശിക്കുന്ന ആദ്യ ഇന്ത്യക്കാരനാണ് ശുഭാംശു. യാത്രക്കിടെ ഇന്ത്യക്കായി അദ്ദേഹം ഏഴ് പ്രത്യേക പരീക്ഷണങ്ങൾ നടത്തിയിട്ടുണ്ട്.

ശുഭാംശു ഉൾപ്പെടെ യാത്രികർ ഒരാഴ്ച വിദഗ്ധ ഉപദേശപ്രകാരം വിശ്രമിക്കും. ഗുരുത്വാകർഷണമില്ലാത്ത ബഹിരാകാശത്ത് നിന്നെത്തിയതിനാൽ ഭൂമിയിലെ ഗുരുത്വബലം ഉൾപ്പെടെ സാഹചര്യങ്ങളുമായി പൊരുത്തപ്പെടാനാണ് ഇത്.

✪✪✪

ട്രെയിൻ അപകടത്തെത്തുടർന്ന് ചെന്നൈയ്ക്കും ആർക്കോണത്തിനുമിടയിൽ തടസ്സപ്പെട്ട ഗതാഗതം പുനഃസ്ഥാപിച്ചു. ട്രെയിനിലെ കത്തി നശിച്ച ഡീസൽ വാഗണുകൾ ട്രാക്കിൽ നിന്ന് പൂർണമായും നീക്കം ചെയ്തു. അപകടത്തെത്തുടർന്ന് ചെന്നൈ - ആർക്കോണം റൂട്ടിൽ ഇന്നലെ റെയിൽ ഗതാഗതം ഭാഗികമായി റദ്ദാക്കുകയും വഴിതിരിച്ചു വിടുകയും ചെയ്തിരുന്നു. കൂടുതൽ നാശനഷ്ടങ്ങൾ ഒഴിവാക്കാൻ വൈദ്യുതി ലൈനുകൾ വിച്ഛേദിച്ചു.

✪✪✪

കോഴിക്കോട് കലക്ടറേറ്റിലെ എല്ലാ ഓഫീസുകളും വിവരാവകാശ സൗഹൃദമാക്കുന്ന ക്യാമ്പയിനിന്റെ ഭാഗമായി സംസ്ഥാന വിവരാവകാശ കമ്മീഷനും ജില്ലാ ഭരണകൂടവും ചേർന്ന് സംഘടിപ്പിക്കുന്ന സെമിനാർ കലക്ടറേറ്റ് ഹാളിൽ ആരംഭിച്ചു. സംസ്ഥാന വിവരാവകാശ കമീഷണർ T.K രാമകൃഷ്ണൻ ഉദ്ഘാടനം ചെയ്തു. ജില്ലാ കലക്ടർ സ്നേഹിൽ കുമാർ സിങ് അധ്യക്ഷനായിരുന്നു. രാവിലെ വകുപ്പ് മേധാവികൾക്കും ഉച്ചയ്ക്ക് ശേഷം പബ്ലിക് ഇൻഫർമേഷൻ ഓഫീസർമാർ, അപ്പീൽ അധികാരികൾ എന്നിവർക്കുമായാണ് സെമിനാർ.

വിവരാവകാശ നിയമത്തെ കുറിച്ച് ഉദ്യോഗസ്ഥർക്കും പൊതുജനങ്ങൾക്കും അവബോധമുണ്ടാക്കുകയും സിവിൽ സ്റ്റേഷനിലെ മുഴുവൻ ഓഫീസുകളെയും വിവരാവകാശ സൗഹൃദ ഓഫീസാക്കി മാറ്റുകയുമാണ് ലക്ഷ്യം. വിവരാവകാശ നിയമം പാർലമെന്റ് പാസാക്കിയ ജൂൺ 15 മുതൽ, നിയമം പൂർണമായി നിലവിൽവന്ന ഒക്ടോബർ 12 വരെയാണ് ക്യാമ്പയിൻ.

✪✪✪

പാലക്കാട് ജില്ലയിൽ വീണ്ടും നിപ മരണത്തെ തുടർന്ന് ആരോഗ്യവകുപ്പ് പ്രതിരോധ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കി. മണ്ണാർക്കാട് നഗര സഭയിലെയും, കുമരംപുത്തൂർ, കാരാകുറിശ്ശി, കരിമ്പുഴ പഞ്ചത്തുകളിലെയും 17വാർഡുകൾ ജില്ലാ കളക്ടർ കണ്ടൈൻമെന്റ് സോണായി പ്രഖ്യാപിച്ച് നിയന്ത്രണങ്ങൾ ഏർപ്പെടുത്തി.

വിശദാംശങ്ങളുമായി ആകാശവാണി പ്രതിനിധി ഫൈസൽ അലി മുത്ത്...

....വോയ്സ്....

ഉത്തർപ്രദേശ് ഖൊരക്പൂരിൽ മരിച്ച മലയാളി ഡോക്ടർ നെയ്യാറ്റിൻകര സ്വദേശി അഭിഷോ ഡേവിന്റെ മൃതദേഹം നാട്ടിലെത്തിച്ചു. കഴിഞ്ഞ ദിവസമാണ് അഭിഷോയെ ഹോസ്റ്റൽ മുറിയിൽ മരിച്ച നിലയിൽ കണ്ടെത്തിയത്.

തിരുവനന്തപുരം വിമാനത്താവളത്തിൽ മൃതദേഹം ബന്ധുക്കൾ ഏറ്റുവാങ്ങി. മരണത്തിൽ ദുരൂഹതയിരോപിച്ച് പ്രധാനമന്ത്രി നരേന്ദ്രമോദിക്കും, UP മുഖ്യമന്ത്രി യോഗി ആദിത്യ നാഥിനും, മുഖ്യമന്ത്രി പിണറായി വിജയനും ബന്ധുക്കൾ പരാതി നൽകി.

ജോലി സമ്മർദ്ദം ഉണ്ടായിരുന്നോ എന്നതടക്കം കാര്യങ്ങളിൽ സംശയം ഉണ്ടെന്നും പോസ്റ്റ്മോർട്ടം റിപ്പോർട്ട് ലഭിച്ചശേഷം തുടർനടപടി സ്വീകരിക്കുമെന്നും ബന്ധുക്കൾ വ്യക്തമാക്കി. മൃതദേഹം നാളെ രാവിലെ വീട്ടുവളപ്പിൽ സംസ്കരിക്കും..

✪✪✪

പാലക്കാട് ജില്ലയിൽ വീണ്ടും നിപ മരണത്തെ തുടർന്ന് ആരോഗ്യവകുപ്പ് പ്രതിരോധ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കി. മണ്ണാർക്കാട് നഗര സഭയിലെയും, കുമരംപുത്തൂർ, കാരാകുറിശ്ശി, കരിമ്പുഴ പഞ്ചത്തുകളിലെയും 17വാർഡുകൾ ജില്ലാ കളക്ടർ കണ്ടൈൻമെന്റ് സോണായി പ്രഖ്യാപിച്ച് നിയന്ത്രണങ്ങൾ ഏർപ്പെടുത്തി.

വിശദാംശങ്ങളുമായി ആകാശവാണി പ്രതിനിധി ഫൈസൽ അലി മുത്ത്...

....വോയ്സ്....

✪✪✪

സംസ്ഥാനത്ത് ഇന്ന് ചിലയിടങ്ങളിൽ ശക്തമായ മഴക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിച്ചു. കണ്ണൂർ, കാസർകോട് ജില്ലകളിൽ മഞ്ഞ ജാഗ്രതയാണ്.

നാളെ മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർകോട് ജില്ലകളിൽ മഞ്ഞ ജാഗ്രതയാണ്.

✪✪✪

പ്രമുഖ കന്നഡ നടി സരോജ ദേവി അന്തരിച്ചു. ബംഗളൂരു മല്ലേശ്വരത്തെ വസതിയിൽ രാവിലെയായിരുന്നു അന്ത്യം. 87 വയസ്സായിരുന്നു.

അഭിനയ സരസ്വതി, കന്നഡത്തു പൈങ്കിളി എന്നീ പേരുകളിൽ അറിയപ്പെട്ട സരോജ ദേവി കന്നഡക്കു പുറമെ തമിഴ്, തെലുങ്ക്, ഹിന്ദി ഭാഷകളിലായി 200-ലധികം സിനിമകളിൽ കേന്ദ്ര കഥാപാത്രങ്ങളെ അവതരിപ്പിച്ചു. 1955-ൽ 17-ാം വയസ്സിൽ കന്നഡ ക്ലാസിക് ചിത്രമായ മഹാകവി കാളിദാസിലൂടെയാണ്

അഭിനയരംഗത്തെത്തിയത്. 1969-ൽ രാജ്യം പത്മശ്രീയും 1992-ൽ പത്മഭൂഷണും നൽകി അവരെ ആദരിച്ചു.

✪✪✪

ഉത്തർപ്രദേശ് ഖൊരക്പൂരിൽ മരിച്ച മലയാളി ഡോക്ടർ നെയ്യാറ്റിൻകര സ്വദേശി അഭിഷോ ഡേവിന്റെ മൃതദേഹം നാട്ടിലെത്തിച്ചു. കഴിഞ്ഞ ദിവസമാണ് അഭിഷോയെ ഹോസ്റ്റൽ മുറിയിൽ മരിച്ച നിലയിൽ കണ്ടെത്തിയത്.

തിരുവനന്തപുരം വിമാനത്താവളത്തിൽ മൃതദേഹം ബന്ധുക്കൾ ഏറ്റുവാങ്ങി. മരണത്തിൽ ദുരൂഹതയിരോപിച്ച് പ്രധാനമന്ത്രി നരേന്ദ്രമോദിക്കും, UP മുഖ്യമന്ത്രി യോഗി ആദിത്യ നാഥിനും, മുഖ്യമന്ത്രി പിണറായി വിജയനും ബന്ധുക്കൾ പരാതി നൽകി.

ജോലി സമ്മർദ്ദം ഉണ്ടായിരുന്നോ എന്നതടക്കം കാര്യങ്ങളിൽ സംശയം ഉണ്ടെന്നും പോസ്റ്റ്മോർട്ടം റിപ്പോർട്ട് ലഭിച്ചശേഷം തുടർനടപടി സ്വീകരിക്കുമെന്നും ബന്ധുക്കൾ വ്യക്തമാക്കി. മൃതദേഹം നാളെ രാവിലെ വീട്ടുവളപ്പിൽ സംസ്കരിക്കും..

✪✪✪

തിരുവനന്തപുരം വക്കം ഗ്രാമ പഞ്ചായത്ത് ഒൻപതാം വാർഡ് അംഗത്തേയും മാതാവിനേയും വീടിന് പിറകു വശത്ത് മരിച്ച നിലയിൽ കണ്ടെത്തി. വക്കം നെടിയവിള വീട്ടിൽ വത്സല, അരുൺ എന്നിവരാണ് മരിച്ചത്.

✪✪✪

ലോർഡ്സിൽ ആൻഡേഴ്സൺ-ടെൻഡുൽക്കർ ട്രോഫിയിലെ മൂന്നാം ക്രിക്കറ്റ് ടെസ്റ്റിന്റെ രണ്ടാം ഇന്നിംഗ്സിൽ ഇംഗ്ലണ്ടിനെതിരെ ഇന്ത്യയുടെ ബാറ്റിംഗ് വൈകീട്ട് മൂന്നരയ്ക്ക് പുനരാരംഭിക്കും.

ഇന്നലെ കളി അവസാനിക്കുമ്പോൾ ഇന്ത്യ നാല് വിക്കറ്റ് നഷ്ടത്തിൽ 58 റൺസെടുത്തിരുന്നു. ടെസ്റ്റിൽ ജയിക്കാൻ ഇന്ത്യയ്ക്ക് 135 റൺസ് വേണം.

✪✪✪

മന്ത്രി V. ശിവൻകുട്ടി നാളെ കണ്ണൂർ ജില്ലയിൽ വിവിധ പരിപാടികളിൽ പങ്കെടുക്കും. രാവിലെ പയ്യാമ്പലം കൃഷ്ണ ബീച്ച് റിസോർട്ടിൽ ലോക നൈപുണ്യദിന പരിപാടി അദ്ദേഹം ഉദ്ഘാടനം ചെയ്യും. തലശ്ശേരി മണ്ഡലം മെറിറ്റ് അവാർഡ് വിതരണം ചെയ്യുന്ന മന്ത്രി, കൂത്തുപറമ്പ് ഗവ. ഹയർ സെക്കൻഡറി സ്കൂൾ കെട്ടിടവും, പടിയൂർ സ്കൂൾ കെട്ടിടവും ഉദ്ഘാടനം ചെയ്യും.

✪✪✪

കണ്ണൂർ  ഇരിട്ടിയിലെ ടൂറിസം കേന്ദ്രമായ എടക്കാനം റിവർ വ്യൂ പോയിന്റിൽ പ്രദേശവാസികൾക്കെതിരെ അക്രമം നടത്തിയ  15 പേർക്കെതിരെ ഇരിട്ടി പൊലിസ് കേസെടുത്ത് അന്വേഷണം ഊർജ്ജിതമാക്കി. മൂന്നു വാഹനങ്ങളിൽ ആയുധങ്ങളുമായി എത്തിയ ഗുണ്ടാ സംഘത്തിന്റെ ആക്രമണത്തിൽ പ്രദേശവാസികളായ അഞ്ചു പേർക്കാണ് പരിക്കേറ്റത്. ചിലരെ വാഹനമിടിച്ചും അപായപ്പെടുത്താൻ ശ്രമമുണ്ടായി. ഗുരുതരമായി പരിക്കേറ്റ  അഞ്ച് പേരെ ഇരിട്ടി താലൂക്ക് ആശുപത്രിയിലെ പ്രാഥമിക ചികിത്സയ്ക്കു ശേഷം തലശ്ശേരിയിലെ സ്വകാര്യ ആശുപത്രിയിൽ പ്രവേശിപ്പിച്ചു.

✪✪✪

കോഴിക്കോട് കോർപറേഷനിൽ അഴിമതിയും വികസനമുരടിപ്പും സ്വജനപക്ഷപാതവും ആരോപിച്ച് BJP യുടെ നേതൃത്വത്തിൽ  കോർപ്പറേഷൻ ഓഫീസിലേക്ക് പ്രതിഷേധ മാർച്ച് സംഘടിപ്പിച്ചു. പ്രവർത്തകർ ബാരിക്കേഡ് തള്ളിനീക്കാൻ ശ്രമിച്ചു.

✪✪✪

കേന്ദ്ര സംസ്ഥാന ഗവൺമെന്റുകൾ ജനദ്രോഹ നയങ്ങളാണ് നടപ്പാക്കുന്നതാരോപിച്ച്  KPCC കണ്ണൂരിൽ ഉച്ചയ്ക്ക് സമരസംഗമം നടത്തും. കണ്ണൂർ നവനീതം ഓഡിറ്റോറിയത്തിൽ സംഘടിപ്പിക്കുന്ന പരിപാടി പാർട്ടി സംസ്ഥാന അധ്യക്ഷൻ  സണ്ണി ജോസഫ്  ഉദ്ഘാടനം ചെയ്യും.

✪✪✪

കാലിക്കറ്റ് സർവകലാശാല അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിന് 200 മീറ്റർ ചുറ്റളവിൽ സമരങ്ങൾക്കും പ്രതിഷേധങ്ങൾക്കും പൊലീസ് നിയന്ത്രണം ഏർപ്പെടുത്തി. 2012 ലെ കോടതി ഉത്തരവിന്റെ കൂടി അടിസ്ഥാനത്തിലാണ് നിയന്ത്രണം. വിദ്യാർഥി സംഘടനകൾക്കും സർവീസ് സംഘടനകൾക്കും ഇക്കാര്യത്തിൽ നോട്ടീസ് നൽകി.

✪✪✪

---

*News Editor : വി കെ സുരേഷ്*
*News Reader: വി കെ സുരേഷ്*
*CNRTs : ഫസ്ന ഫാത്തിമ , ശരണ്യ രാജൻ*
*DEO :  ഷീബ*